REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി 19-01-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ മൻ കി ബാത് രാവിലെ 11-ന് ആകാശവാണിയിലും ദൂരദർശനിലും.
- ഇന്ന് ദേശീയ ദുരന്തനിവാരണ സേനാ സ്ഥാപകദിനം. വിജയവാഡയിൽ കേന്ദ്രമന്ത്രി അമിത്ഷാ ദിനാഘോഷത്തിൽ മുഖ്യാതിഥിയായി പങ്കെടുക്കും.
- സമൂഹത്തെ തൊട്ടറിയുന്നവരാകാൻ രാഷ്ട്രീയക്കാരും IAS കാരും മാനുഷിക സ്പർശത്തോടെ ഇടപെടണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ.
- ശബരിമലയിൽ മണ്ഡല മകരവിളക്ക് തീർത്ഥാടനകാലത്തിന് പരിസമാപ്തി കുറിച്ച് നാളെ രാവിലെ നട അടയ്ക്കും.
- ഖോ - ഖോ ലോകകപ്പിൽ ഇന്ത്യൻ പുരുഷ -വനിതാ ടീമുകൾ ഫൈനലിൽ നേപ്പാളിനെ നേരിടും.
- കൊച്ചിയിൽ ISL ഫൂട്ബോളിലെ കേരള ബ്ലാസ്റ്റേഴ്സ് - നോർത്ത് ഈസ്റ്റ് യുണൈറ്റഡ് മത്സരം ഗോൾ രഹിത സമനിലയിൽ പിരിഞ്ഞു.

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി പ്രതിമാസ മൻ കി ബാത് പരിപാടിയിൽ രാവിലെ 11 ന് ആകാശവാണിയിലൂടെ ജനങ്ങളുമായി ചിന്തകൾ പങ്കുവെയ്ക്കും. മൻ കി ബാതിന്റെ 118-ാം പതിപ്പാണിത്.

ആകാശവാണിയുടെയും ദൂരദർശന്റെയും ശൃംഖലയിലും, AIR NEWS വെബ്സൈറ്റിലും News on AIR മൊബൈൽ ആപ്പിലും പരിപാടി

ലഭ്യമാണ്. AIR ന്യൂസ്, DD ന്യൂസ്, PMO, I & B മന്ത്രാലയം എന്നിവയുടെ യു ട്യൂബ് ചാനലുകളിലും പ്രഭാഷണം തത്സമയം കേൾക്കാം. പ്രധാനമന്ത്രിയുടെ ഹിന്ദി പ്രഭാഷണത്തിനുശേഷം പ്രാദേശിക ഭാഷാ പ്രക്ഷേപണവും ഉണ്ടായിരിക്കും.

✪✪✪

ഇന്ന് ദേശീയ ദുരന്തനിവാരണ സേനാ സ്ഥാപകദിനം. ദുരന്തനിവാരണ നിയമം 2005 ന്റെ അടിസ്ഥാനത്തിലാണ് 2006 ൽ സേന രൂപീകരിച്ചത്. ദുരന്തവേളകളിൽ കെടുതികൾ കുറയ്ക്കാനും, രക്ഷാ-ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപനത്തോടെ നടപ്പാക്കാനും പ്രവർത്തിക്കുകയാണ് NDRF ന്റെ പ്രധാന കർത്തവ്യം.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്).....

പ്രധാനമന്ത്രിയുടെ അധ്യക്ഷതയിൽ ദേശീയ ദുരന്തനിവാരണ അതോറിറ്റിയുടെ കീഴിലാണ് ദേശീയ ദുരന്തനിവാരണ സേനയുടെ പ്രവർത്തനം. രാജ്യത്തെ ചെറുതും വലുതുമായ നിരവധി ദുരന്ത മുഖങ്ങളിൽ രക്ഷാപ്രവർത്തനം നടത്തിയ ചരിത്രം ദുരന്ത നിവാരണ സേനയ്ക്കുണ്ട് .

NDRF ന്റെ 20-ാമത് സ്ഥാപക ദിനാഘോഷത്തിൽ വിജയവാഡയിൽ കേന്ദ്രമന്ത്രി അമിത്ഷാ ഇന്ന് മുഖ്യാതിഥിയായി പങ്കെടുക്കും. 200 കോടിയിലേറെ രൂപയുടെ പദ്ധതികൾക്കും അദ്ദേഹം തുടക്കമിടും. ദേശീയ ദുരന്ത നിവാരണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ദക്ഷിണമേഖലാ ക്യാമ്പസ്, NDRF ന്റെ പത്താം ബറ്റാലിയൻ ക്യാമ്പസ്, സുപോളിലെ അടിയന്തര പ്രതികരണ കേന്ദ്രം എന്നിവ അമിത്ഷാ രാഷ്ട്രത്തിന് സമർപ്പിക്കും. ഹൈദരാബാദിലെ നാഷണൽ പൊലീസ് അക്കാദമിയിൽ പുതിയ സംയോജിത ഇൻഡോർ ഷൂട്ടിംഗ് റേഞ്ചിന് അമിത്ഷാ തറക്കല്ലിടുകയും ചെയ്യും.

✪✪✪

പ്രയാഗ് രാജ് മഹാകുംഭമേളയിൽ ഇതുവരെ ഏഴ് കോടി 72 ലക്ഷത്തിൽപ്പരം തീർത്ഥാടകർ ത്രിവേണീ സംഗമത്തിൽ സ്നാനം നടത്തി. വരുംദിവസങ്ങളിലും വൻതീർത്ഥാടക പ്രവാഹം ഉണ്ടാകുമെന്നാണ് വിലയിരുത്തൽ.

ഉത്തർപ്രദേശിലെ തീർത്ഥാടന കേന്ദ്രങ്ങളായ അയോധ്യ, വാരണാസി, വിന്ധ്യാചൽ, ശൃംഖ് വെർപുർ, ചിത്രകൂട് എന്നിവിടങ്ങളിലെല്ലാം തീർത്ഥാടകരുടെയും സന്ദർശക രുടെയും വൻതിരക്കാണ്.

✪✪✪

അഖിലേന്ത്യാ പ്രിസൈഡിംഗ് ഓഫീസേഴ്സ് 85-ാം കോൺഫറൻസ് നാളെ ലോക്സഭാ സ്പീക്കർ ഓം ബിർള പട്നയിൽ ഉദ്ഘാടനം ചെയ്യും. രാജ്യസഭാ ഡെപ്യൂട്ടി ചെയർമാൻ ഹരിവംശും, ഉത്തർപ്രദേശ് മന്ത്രിമാരും പങ്കെടുക്കുന്ന കോൺഫറൻസിൽ എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും പ്രിസൈഡിംഗ് ഓഫീസർമാർ സംബന്ധിക്കും.

✪✪✪

സമൂഹത്തെ തൊട്ടറിയുന്നവരാകാൻ രാഷ്ട്രീയക്കാരും IAS കാരുമെല്ലാം മാനുഷിക സ്പർശത്തോടെ സമൂഹത്തിൽ ഇടപെടണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പറഞ്ഞു. അത്തരത്തിൽ ഇടപെടുന്നതു കൊണ്ടാണ് ഗോവ ഗവർണർ PS ശ്രീധരൻപിള്ളയെ സമൂഹത്തിലെ എല്ലാ വിഭാഗവും ഒരേപോലെ അംഗീകരിക്കുന്നതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. കോഴിക്കോട്ട് ഇൻഡോ - അറബ് കോൺഫെഡറേഷൻ കൗൺസിൽ സംഘടിപ്പിച്ച P.S ശ്രീധരൻ പിള്ളയുടെ എഴുത്തിന്റെ സുവർണ ജയന്തി ആഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു ആർലേക്കർ.

രാഷ്ട്രീയ രംഗത്തുണ്ടായിരുന്നപ്പോൾ പ്രതിപക്ഷത്തെ പോലും ആകർഷിക്കൻ ശ്രീധരൻപിള്ളയ്ക്കു കഴിഞ്ഞു എന്ന് ഗവർണർ പറഞ്ഞു. മനുഷ്യർക്കിടയിലെ സൗഹൃദ ബന്ധങ്ങളാണ് ലോകത്ത് സാമൂഹിക ജീവിതത്തെ ഉറപ്പിച്ചു നിർത്തുന്നതെന്ന് മറുപടി പ്രസംഗത്തിൽ P.S. ശ്രീധരൻ പിള്ള വ്യക്തമാക്കി.

✪✪✪

ബോളിവുഡ് താരം സെയ്ഫ് അലിഖാനെ ആക്രമിച്ച പ്രതിയെന്ന് സംശയിക്കുന്ന ഒരാളെ മുബൈയിലെ താനയിൽ നിന്ന് അറസ്റ്റ് ചെയ്തു. റസ്റ്റോറന്റ് ജീവനക്കാരനായ വിജയ്ദാസാണ് പിടിയിലായത്. ഇതിന്റെ വിശദാംശങ്ങൾ രാവിലെ ഒൻപതിന് മുംബൈ പൊലീസ് വാർത്താസമ്മേളനത്തിൽ അറിയിക്കും.

✪✪✪

കണ്ണൂർ കാനാമ്പുഴ പുനരുജ്ജീവന പദ്ധതിയുടെ രണ്ടാംഘട്ടം സമയബന്ധിതമായി പൂർത്തീകരിക്കാൻ കൂട്ടായ പരിശ്രമം വേണമെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പറഞ്ഞു. കാനാമ്പുഴ പദ്ധതിയുടെ തുടർപ്രവർത്തനം സംബന്ധിച്ച് കണ്ണൂർ ഗവ. ഗസ്റ്റ് ഹൗസിൽ ചേർന്ന അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി രൂപീകരിച്ച പ്രാദേശിക സന്നദ്ധ സമിതികളെ ജാഗ്രതാ സമിതികളായി നിലനിർത്താൻ യോഗം തീരുമാനിച്ചു. പദ്ധതി പ്രദേശം സൗന്ദര്യവത്കരിക്കുന്നതിന് ചെടികൾ നടാനും ബോട്ടിൽ ബൂത്ത്, കോഫി ബൂത്ത്, CC TV എന്നിവ സ്ഥാപിക്കാൻ നടപടിയെടുക്കാനും യോഗത്തിൽ തീരുമാനമായി.

✪✪✪

ശബരിമലയിൽ മണ്ഡല മകരവിളക്ക് തീർത്ഥാടനകാലത്തിന് പരിസമാപ്തി കുറിച്ച് നാളെ രാവിലെ നട അടയ്ക്കും. നവംബർ 15 ന് മണ്ഡല മകരവിളക്ക് ഉത്സവം ആരംഭിച്ചതു മുതൽ വെള്ളിയാഴ്ച വരെ 52 ലക്ഷത്തോളം പേർ ദർശനം നടത്തി. മകര വിളക്ക് കാലത്ത് മാത്രം 19 ലക്ഷത്തിൽപ്പരം തീർത്ഥാടകർ സന്നിധാനത്തെത്തി. പരാതിരഹിതവും സംതൃപ്തവും സുരക്ഷിതവുമായ തീർത്ഥാടന കാലം എല്ലാവരുടെയും ആത്മാർത്ഥ സഹകരണത്തിന്റെ ഫലമാണെന്ന് പൊലീസ് കോർഡിനേറ്റർ ADGP S ശ്രീജിത്ത് അറിയിച്ചു.

കൂടുതൽ തീർത്ഥാടന വിശേഷങ്ങളുമായി ആകാശവാണി പത്തനംതിട്ട പ്രതിനിധി ശ്രീജി S ശ്രീധർ.

....(വോയ്സ്)......

✪✪✪

ഖോ ഖോ ലോകകപ്പിൽ ഇന്ത്യൻ പുരുഷ -വനിതാ ടീമുകൾ ഫൈനലിൽ പ്രവേശിച്ചു. ന്യൂഡൽഹി ഇന്ദിരാഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ ആവേശകരമായ മത്സരത്തിൽ ദക്ഷിണാഫ്രിക്കയെയാണ് ഇരുടീമുകളും തോൽപ്പിച്ചത്. ഫൈനലിൽ പുരുഷ- വനിതാ ടീമുകൾ നേരിടുന്നത് നേപ്പാളിനെയാണ്.

ദക്ഷിണാഫ്രിക്കയെ 42 നെതിരെ 62 പോയിന്റുകൾക്കും വനിതാ ടീം 16 നെതിരെ 66 പോയിന്റുകൾക്കുമാണ് തോൽപ്പിച്ചത്.

✪✪✪

കൊച്ചിയിൽ ISL ഫുട്ബോളിലെ കേരള ബ്ലാസ്റ്റേഴ്സ് - നോർത്ത് ഈസ്റ്റ് യുണൈറ്റഡ് മത്സരം ഗോൾ രഹിത സമനിലയിൽ പിരിഞ്ഞു.

ഹൈദരാബാദിൽ, ഹൈദരാബാദ് FC ബംഗളുരു FC മത്സരവും സമനിലയിൽ അവസാനിച്ചു. ഇരു ടീമുകളും ഓരോ ഗോളടിച്ചു.

ഇന്ന് FC ഗോവ, ഈസ്റ്റ് ബംഗാൾ FC യെ നേരിടും. ഗോവയിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

ICC ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിലും ഇംഗ്ലണ്ടിനെതിരായ ഏകദിന പരമ്പരയിലും പങ്കെടുക്കുന്ന 15 അംഗ ടീമിനെ ഇന്ത്യൻ ക്രിക്കറ്റ് കൺട്രോൾ ബോർഡ് പ്രഖ്യാപിച്ചു. രോഹിത് ശർമ്മയാണ് ക്യാപ്റ്റൻ. ശുഭ്മാൻ ഗില്ലിനെ വൈസ് ക്യാപ്റ്റനായും നിയോഗിച്ചു. ഫെബ്രുവരി ആറ്, ഒൻപത്, 12 തിയതികളിൽ ഇംഗ്ലണ്ടിനെതിരായ ഏകദിന മത്സരങ്ങളിൽ ടീം ഇന്ത്യ പങ്കെടുക്കും. ദുബായിൽ ഫെബ്രുവരി 19 ന് ആരംഭിക്കുന്ന ചാമ്പ്യൻസ് ട്രോഫിയിൽ 20 നാണ് ഇന്ത്യയുടെ ആദ്യമത്സരം. ഗ്രൂപ്പ് A യിൽ ബംഗ്ലാദേശാണ് ഇന്ത്യയുടെ എതിരാളികൾ. ഫെബ്രുവരി 23 ന് പാകിസ്ഥാനെയും, മാർച്ച് രണ്ടിന് ന്യൂസിലാൻഡിനെയും അവർ നേരിടും.

✪✪✪

ന്യൂഡൽഹിയിൽ ITF W-50 ടെന്നീസ് മത്സരത്തിൽ, ആദ്യ ഡബിൾസ് കിരീടം സ്വന്തമാക്കി ഇന്ത്യയുടെ മുൻനിര താരം അങ്കിത റെയ്ന. ബ്രിട്ടീഷ് പങ്കാളിയായ നയിക്ത ബെയ്ൻസിനൊപ്പം അമേരിക്കൻ സഖ്യത്തെയാണ് അവർ തോൽപ്പിച്ചത്.

✪✪✪

മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ പുത്തൂരിൽ ബൈക്കുകൾ കൂട്ടിയിടിച്ച് രണ്ട് പേർ മരിച്ചു. രണ്ട് പേർക്ക് ഗുരുതരമായി പരിക്കേറ്റു. കോട്ടയ്ക്കൽ സ്വദേശി മുഹമ്മദ് റിഷാദ്, കാടാമ്പുഴ സ്വദേശി P T ഹംസ എന്നിവരാണ് മരിച്ചത്. ഇവർക്കൊപ്പം യാത്ര ചെയ്ത മറ്റു രണ്ടു പേർക്കാണ് സാരമായി പരിക്കേറ്റത്.

✪✪✪

നെടുമങ്ങാട് ഇരിഞ്ചിയത്ത് ടൂറിസ്റ്റ് ബസ് മറിഞ്ഞ് ഒരാൾ മരിക്കുകയും നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്ത സംഭവത്തിൽ ഡ്രൈവറുടെ ലൈസൻസും വാഹനത്തിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റും

റദ്ദാക്കി. ബസിന്റെ പെർമിറ്റും രജിസ്ട്രേഷനും റദ്ദാക്കാൻ നടപടി ആരംഭിച്ചതായും നെടുമങ്ങാട് ജോയിന്റ് RTO അറിയിച്ചു.

✪✪✪

താമരശ്ശേരി ഈങ്ങാപ്പുഴയ്ക്ക് സമീപം കട്ടിപ്പാറയിൽ മാതാവിനെ കൊലപ്പെടുത്തിയ മകനെ പൊലീസ് അറസ്റ്റു ചെയ്തു. വേനക്കാവിൽ മുഹമ്മദ് ആഷിഖിനെയാണ് പൊലീസ് പിടികൂടിയത്. ശസ്ത്രക്രിയ കഴിഞ്ഞ് വിശ്രമിക്കുകയായിരുന്ന മാതാവ് സുബൈദയെ ഇന്നലെയാണ് ആഷിഖ് വെട്ടിക്കൊന്നത്.

✪✪✪

ആവശ്യമായ രേഖകളോ അനുമതി പത്രമോ ഇല്ലാതെ കടലിൽ ഉല്ലാസയാത്ര നടത്തിയ സ്പീഡ് ബോട്ട് മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം പിടിച്ചെടുത്ത് കൊടുങ്ങല്ലൂർ പോർട്ട് ഓഫീസർക്ക് കൈമാറി. എറണാകുളം ചേന്ദമംഗലം സ്വദേശിയുടെ മനാമി എന്ന ബോട്ടാണ് മുനമ്പത്ത് നിന്ന് കടലിലൂടെ സഞ്ചരിച്ചത്. ഉൾനാടൻ ജലാശയങ്ങളിൽ മാത്രം ഉപയോഗിക്കാവുന്ന സ്പീഡ് ബോട്ടാണ് കടലിൽ ഉപയോഗിച്ചത്.

✪✪✪

കാസർകോട് ജില്ലയിലെ ഹരിത ഗ്രന്ഥശാലാ പ്രഖ്യാപനം സംസ്ഥാനത്തിനാകെ മാതൃകയാണെന്ന് നവകേരള മിഷൻ സംസ്ഥാന കോർഡിനേറ്റർ T.N സീമ പറഞ്ഞു. മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ നിർവ്വഹണ സമിതി യോഗത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അവർ.

✪✪✪

കോഴിക്കോട് മെഡിക്കൽ കോളേജിലെ മരുന്ന് ക്ഷാമം പരിഹരിക്കാൻ ഗവൺമെന്റ് ഇടപ്പെടാത്തതിൽ പ്രതിഷേധിച്ച് MK. രാഘവൻ MP യുടെ നേതൃത്വത്തിൽ ഇന്ന് ആശുപത്രി പരിസരത്ത് ഉപവാസ സമരം നടത്തും. മരുന്ന് ക്ഷാമത്തിന് പരിഹാരം കാണാൻ ജില്ലാകളക്ടർ അടിയന്തരമായി ഇടപെടണമെന്ന് BJP കോഴിക്കോട് ജില്ലാപ്രസിഡണ്ട് VK സജീവൻ ആവശ്യപ്പെട്ടു.

✪✪✪

---

*News Editor: വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*Casual News Reader: നിമിഷ ജി*
*DEO : ഷീബ പി.എം*